**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **02-02-2024 - ൽ മറുപടിയ്ക്ക്**

**ദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.ബസുകളിൽ സൗജന്യ യാത്ര ലഭ്യമാണോ; എങ്കിൽ സൗജന്യയാത്രക്കായി പ്രത്യേക കാർഡ് കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര ലഭ്യമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 04.10.2023-ൽ G.O.(Rt) No. 434/2023/TRANS നമ്പരിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിദ്യാർത്ഥികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന വിദ്യാഭ്യാസ യാത്രാ പാസിൽ മോട്ടോർ വാഹന വകുപ്പും കെ.എസ്.ആർ.ടി.സി.യും സീൽ പതിപ്പിച്ച് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി വരെയുള്ള എല്ലാ ബസ്സുകളിലും വിദ്യാർത്ഥികൾക്ക് ടി സമ്പൂർണ്ണ സൗജന്യ യാത്രാപാസ് ഉപയോഗിച്ച് യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ